പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6415 — 21.11.2019- ൽ മറുപടിക്ക്

## കോട്ടയം കോടിമത പാലത്തിന്റെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ എം.സി.റോഡിലെ കോടിമത രണ്ടാം പാലത്തിന്റെ സ്പാൻ, അബട്ട്മെന്റ് അപ്രോച്ച് റോഡ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സാഹചര്യം വിശദമാക്കുമോ ; | (എ) | കോടിമത പുതിയ പാലത്തിന്റെ ആകെയുള്ള 3 സ്പാനുകളിൽ 2 സ്പാനും അബട്ട്മെന്റും പൂർത്തീകരിച്ചിട്ടുണ്ട്. ഒരു സ്പാനും അബട്ട്മെന്റും നിർമ്മിക്കണമെങ്കിൽ മുനിസിപ്പൽ പുറമ്പോക്കിൽ താമസിക്കുന്ന 2 കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതുണ്ട്. ടി കുടുംബങ്ങളെ ഒഴിപ്പിക്കുവാൻ നിരവധി ശ്രമങ്ങൾ നടത്തിയെങ്കിലും ഒഴിപ്പിക്കൽ ശ്രമങ്ങൾക്കെതിരെ ആത്മഹത്യാഭീഷണി മുഴക്കി കുടുംബങ്ങൾ നിലകൊള്ളുക യാണുണ്ടായത്. ഈ സാഹചര്യത്തിൽ സ്ഥലം വിട്ടുകിട്ടാത്തതുകൊണ്ട് നിലവിലെ കരാറുകാരൻ ടി പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി തരണമെന്ന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പാലത്തിനോട് ചേർന്ന് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തു നടപടിയാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ? | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കെ.എസ്.ടി.പി പ്രൊജക്ട് വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട ഈ പുറമ്പോക്ക് സ്ഥലത്തിന് ഓരോ കുടുംബത്തിനും 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുള്ളതും 30,000/- രൂപ വീതം ഓരോ കുടുംബവും കൈപ്പറ്റിയിരുന്നതുമാണ്. ബാക്കി തുക ഇവിടെ നിന്ന് പുതിയ സ്ഥലത്ത് മാറി താമസം തുടങ്ങുമ്പോൾ നൽകുമെന്ന് ടി |

വ്യക്തികളെ അറിയിച്ചിട്ടുണ്ട്.

കോട്ടയം ജില്ലാ വികസന സമിതി യോഗത്തിൽ വച്ച് ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു കോട്ടയം പട്ടികജാതി വികസന ആഫീസറെയും കോട്ടയം ജില്ലാ മുനിസിപ്പൽ സെക്രട്ടറിയേയും ചുമതലപ്പെടുത്തുകയുണ്ടായി. കുടുംബങ്ങളെ അടിയന്തിരമായി പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പട്ടികജാതി വികസന ആഫീസർക്കും, മുനിസിപ്പൽ സെക്രട്ടറിക്കും, പൊതുമരാമത്ത് വകുപ്പിൽ നിന്നും കത്ത് നൽകുകയും, ടി വിവരം കോട്ടയം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികൾ ഇടപെട്ട് ഇവരെ ബോധവൽക്കരിച്ച് മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു.

സെക്ഷൻ ഓഫീസർ